ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് കാരണം ചെലവുകൾ വർധിക്കുന്നതും, അവശ്യ സേവനങ്ങളുടെ ലഭ്യത കുറവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **The Prime Minister underscored that delays in project execution come at the dual cost of escalating financial outlays and denying citizens timely access to essential services and infrastructure.**

2. ചൈനയിൽ നടക്കുന്ന ഷാങ്ഹായ് പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് പങ്കെടുക്കും.

   **Defence Minister Rajnath Singh will attend the SCO Defence Ministers′ meeting at Qingdao in China today.**

3. ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം; ലഹരിക്കെതിരെയുള്ള സംസ്ഥാന സർക്കാരിൻറെ നോ ടു ഡ്രഗ്സ് ക്യാമ്പൻ അഞ്ചാം ഘട്ടത്തിന് ഇന്ന് തുടക്കം.

   **International Day Against Drug Abuse is being observed today globally. The Kerala government's 'No to Drugs' campaign fifth phase will begin today.**

4. കേരളത്തിൽ മഴ ശക്തം; വയനാട്, മലപ്പുറം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
   **Heavy rain in Kerala; Orange alert issued in Wayanad, Malappuram, and Idukki districts; Fishing banned along the coasts of Kerala, Karnataka, and Lakshadweep.**

5. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ആക്സിയം-4 ദൗത്യത്തിൻറെ ഡോക്കിങ് ഇന്ന് ഉച്ചയ്ക്ക് ശേഷം.
   **Axiom-4 mission carrying Indian astronaut Shubhanshu Shukla will dock with the International Space Station this afternoon.**

6. അണ്ടർ 17 ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതകൾക്ക് കിരീടം.
   **The Indian Under-17 Women's Wrestling Team has emerged as the Champion Team at the Under-17 Asian Wrestling Championships.**

✪✪✪✪✪✪✪✪✪✪✪✪✪✪

## PM-PRGATI

പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് കാരണം ചെലവുകൾ വർധിക്കുന്നതും, അവശ്യ സേവനങ്ങളുടെ ലഭ്യത കുറവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രഗതിയുടെ 48-ാമത് യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഖനി, റെയിൽവേ, ജലസ്രോതസ്സുകൾ എന്നിവയിലെ പ്രധാന പദ്ധതികൾ പ്രധാനമന്ത്രി അവലോകനം ചെയ്തു. സാമ്പത്തിക വളർച്ചയ്ക്കും ജനക്ഷേമത്തിനും നിർണായകമായ ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും, ഏജൻസികൾ തമ്മിലുള്ള ഏകോപനം, പ്രശ്നപരിഹാരം തുടങ്ങിയ

വിഷയങ്ങളും യോഗത്തിൽ അവലോകനം ചെയ്തു. ഓപ്പറേഷൻ സിന്ദൂരിൻറെ വിജയം, പ്രതിരോധ മേഖലയിൽ രാജ്യം സ്വയംപര്യാപ്തത കൈവരിക്കുന്നതിൻറെ ശക്തമായ തെളിവാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪

## RAJNATH-SCO

ചൈനയിലെ ക്വിങ്ദാവോയിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനയുടെ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് പങ്കെടുക്കും. ആഗോള - പ്രാദേശിക സുരക്ഷയും സമാധാനവും തീവ്രവാദ വിരുദ്ധ ശ്രമങ്ങളും യോഗത്തിൽ ചർച്ചയാകും. ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിരോധ മന്ത്രിമാരുമായി ശ്രീ രാജ്നാഥ് സിംഗ് ഉഭയകക്ഷി ചർച്ചകൾ നടത്തും. 2001-ൽ സ്ഥാപിതമായ ഷാങ്ഹായ് സഹകരണ സംഘടനയിൽ 2017 ലാണ് ഇന്ത്യ പൂർണ്ണ അംഗത്വം നേടുന്നത്. SCOയുടെ അധ്യക്ഷ സ്ഥാനം ഈ വർഷം വഹിക്കുന്നത് ചൈനയാണ്.

✪✪✪✪✪✪✪✪✪✪✪✪✪✪

## CABINET-BRIEFING (INTRO)

പൂനെ മെട്രോ റെയിൽ പദ്ധതി രണ്ടാം ഘട്ട വികസനത്തിനൊരുങ്ങി കേന്ദ്ര സർക്കാർ. 3,626 കോടി രൂപ ചെലവിൽ പദ്ധതി നടപ്പാക്കാൻ ഇന്നലെ നടന്ന കേന്ദ്രമന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ജാർഖണ്ഡിലെ ഝരിയ കൽക്കരിപ്പാടത്തിൻറെ പുനരുദ്ധാരണത്തിനായുള്ള പുതുക്കിയ മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയതായും അദ്ദേഹം പറഞ്ഞു. ഉത്തർപ്രദേശിലെ ആഗ്രയിൽ ഇൻററർനാഷണൽ പൊട്ടറ്റോ സെൻറർ സൗത്ത് ഏഷ്യ റീജിയണൽ സെൻറർ സ്ഥാപിക്കും. ബഹിരാകാശ ദൗത്യമായ ആക്സിയം-4 മിഷൻറെ

വിജയകരമായ വിക്ഷേപണം സംബന്ധിച്ച് കേന്ദ്രമന്ത്രിസഭായോഗത്തിൽ പ്രമേയം പാസാക്കിയതായും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു.

(വോയിസ്)

✲✲✲✲✲✲✲✲✲✲✲✲✲✲

## RBI – FDI

രാജ്യത്ത് നേരിട്ടുള്ള മൊത്ത വിദേശ നിക്ഷേപം കഴിഞ്ഞ ഏപ്രിലിൽ 8.8 ബില്യൺ ഡോളറായി ഉയർന്നു. കഴിഞ്ഞ വർഷം ഇതേകാലയളവിൽ നിക്ഷേപം 7.2 ബില്യൺ ഡോളറായിരുന്നു. നിർമാണ, വ്യവസായ സേവന മേഖലകളിൽ നിന്നാണ് നിക്ഷേപത്തിൻറെ പകുതിയോളം എത്തിയതെന്ന് RBI അറിയിച്ചു. നേരിട്ടുള്ള മൊത്ത വിദേശ നിക്ഷേപത്തിൽ, ഇന്ത്യ ആഗോളതലത്തിൽ 16-ാം സ്ഥാനത്താണ്.

✲✲✲✲✲✲✲✲✲✲✲✲✲✲

## SEBI–PENALTY ON BSE

വിപണിയിലെ മാനദണ്ഡങ്ങൾ ലംഘിച്ചതിന് ബി.എസ്ഇ ലിമിറ്റഡിന് 25 ലക്ഷം രൂപ പിഴ ചുമത്തി Securities and Exchange Board of India. വിപണിയിലെ വില സംബന്ധിച്ച ശരിയായ വിവരങ്ങൾ നല്കാത്തത് ഉൾപ്പെടെ വിവിധ നടപടികളുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ലംഘിച്ചതിനാണ് പിഴ. 2021 ഫെബ്രുവരി മുതൽ 2022 സെപ്റ്റംബർ വരെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നടത്തിയ പരിശോധനയെ തുടർന്നാണ് സെബിയുടെ ശിക്ഷാ നടപടി.

✲✲✲✲✲✲✲✲✲✲✲✲✲✲

## DAY AGAINST DRUG ABUSE

ഇന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം. മയക്കു മരുന്നിനു അടിമപ്പെടാത്ത ഒരു അന്താരാഷ്ട്ര സമൂഹം എന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനാണ് ദിനാചരണം. രാജ്യത്തുടനീളം ഇതോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ബി.എൽ വർമ്മ മുഖ്യാതിഥിയാകും.

## BODHA PURNIMA

കേരളത്തിൽ ലഹരിവിരുദ്ധ പോരാട്ടത്തിന് ഊർജ്ജം പകരുന്നതിനായി, 'നോ ടു ഡ്രഗ്സ്' ക്യാമ്പയിന്റെ അഞ്ചാം ഘട്ടം ലഹരി വിരുദ്ധ ദിനമായ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കേരളത്തിലെ മുഴുവൻ ക്യാമ്പസുകളെയും ലഹരിമുക്തമാക്കുന്നതിനുള്ള ഊർജിത പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. 2026 ജനുവരി 30 വരെ നീളുന്ന ക്യാമ്പയിനിൽ നടപടികളും ബോധവത്കരണവും ശക്തമാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

## AXIOM-4 (INTRO)

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ല ഉൾപ്പെട്ട ആക്സിയം-4 ദൗത്യം ഇന്ന് ഉച്ചകഴിഞ്ഞ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഡോക്ക് ചെയ്യും. വൈകുന്നേരം 4.30 ന് ഡോക്കിങ് നടക്കുമെന്ന് ISRO അറിയിച്ചു. അത്ഭുതകരമായ യാത്രയാണെന്ന് ഇന്നലെ ബഹിരാകാശത്തേക്ക് കുതിച്ച് മിനിറ്റുകൾക്കുള്ളിൽ, നൽകിയ സന്ദേശത്തിൽ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല പറഞ്ഞു.

(വോയിസ്)

ഡോക്കിങ് വിജയകരമായി പൂർത്തിയാക്കിയാൽ, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തുന്ന ആദ്യത്തെ ഇന്ത്യക്കാരനാകും ശുഭാൻശു.

✡✡✡✡✡✡✡✡✡✡✡✡✡✡

## CBSE

2026 മുതൽ സിബിഎസ്ഇ പത്താം ക്ലാസ് വാർഷിക പരീക്ഷ രണ്ട് ഘട്ട മായി നടത്താൻ തീരുമാനം. ആദ്യ പരീക്ഷ ഫെബ്രുവരിയിലും രണ്ടാം പരീക്ഷ മേയിലും ആയിരിക്കും നടത്തുക. മൂന്ന് വിഷയങ്ങളിൽ വരെ മാർക്ക് മെച്ചപ്പെടുത്താൻ വിദ്യാർഥികൾക്ക് മേയിൽ നടക്കുന്ന രണ്ടാംഘട്ട പരീക്ഷയെഴുതാം. ആദ്യഘട്ട പരീക്ഷ എല്ലാ വിദ്യാർഥികളും നിർബന്ധമായും എഴുതണം.ആദ്യ പരീക്ഷയുടെ ഫലം ഏപ്രിലിലും രണ്ടാമത്തെ പരീക്ഷാഫലം ജൂണിലും പ്രസിദ്ധീകരിക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡

## KERALA RAIN

കേരളത്തിൽ ഇന്ന് വയനാട്, മലപ്പുറം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

✡✡✡✡✡✡✡✡✡✡✡✡✡✡

## WAYANAD – RAIN

വയനാട്ടിൽ മഴ ശക്തമായി തുടരുന്നു. സുൽത്താൻ ബത്തേരി കല്ലൂർ പുഴ കരകവിഞ്ഞു. പുഴംകുനി ഉന്നതിയിൽ വെള്ളം കയറിയതിനെ തുടർന്ന് കുടുംബങ്ങളെ

ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. ഇന്നലെ രാത്രി പതിനൊന്നരയോടെ നൂൽപ്പുഴ പഞ്ചായത്ത് അധികൃതരും പൊലിസുമെത്തിയാണ് കുടുംബങ്ങളെ ക്യാമ്പിലേക്ക് മാറ്റിയത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## KANNUR (INTRO)

കണ്ണൂരിൽ ഇടവിട്ട് പെയ്യുന്ന അതിശക്തമായ മഴ ജനജീവിതത്തെ ബാധിച്ചു. കർണാടക വനമേഖലയിൽ ഉരുൾപൊട്ടൽ ഉണ്ടായതായി സംശയം. കൂട്ടുപുഴ ഭാഗത്ത് പുഴകളിൽ ജലനിരപ്പ് ഉയർന്നു.

വിശദാംശമങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ.......**

(വോയിസ്)

✡✡✡✡✡✡✡✡✡✡✡✡✡✡

## IDUKKI RAIN

ഇടുക്കിയിലും മഴ ശക്തി പ്രാപിച്ചു . കൊച്ചി - ധനുഷ്കോടി ദേശീയ പാതയിൽ മൂന്നാർ ഗ്യാപ് റോഡിൽ രാത്രികാല ഗതാഗതം പൂർണ്ണമായും നിരോധിച്ചു. ഈ റോഡിൻ്റെ വശങ്ങളിലുള്ള പാർക്കിംഗും നിരോധിച്ചിട്ടുണ്ട്. ജലവിനോദങ്ങൾ മലയോര മേഖലകളിലെ സാഹസിക വിനോദങ്ങൾ തുടങ്ങിയവയ്ക്ക് പൂർണ്ണ നിരോധനം ഏർപ്പെടുത്തി. അതേസമയം, ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഇടുക്കി ജില്ലയിലെ ലോവർപെരിയാർ, കല്ലാർകുട്ടി, പൊൻമുടി, മലങ്കര എന്നീ അണക്കെട്ടുകൾ തുറന്നു. മുതിരപ്പുഴയാറിൻ്റെയും തൊടുപുഴ - മൂവാറ്റുപുഴ ആറുകളുടെയും ഇരു കരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

✡✡✡✡✡✡✡✡✡✡✡✡✡✡

## RAIN HOLIDAY

അതിതീവ്ര മഴയെ തുടർന്ന് ഇന്ന് ഇടുക്കി, വയനാട്, തൃശൂർ ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. എറണാകുളം കോതമംഗലം താലൂക്ക്, കണ്ണൂർ ഇരിട്ടി താലൂക്ക് എന്നിവിടങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിട്ടുണ്ട്. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല. കേരളം - ഗൾഫ് - ലക്ഷദ്വീപ് മേഖലയിൽ വിവിധകേന്ദ്രങ്ങളിൽ നടക്കുന്ന ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കൻ്ററി സേ/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും മാറ്റമുണ്ടാകില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## UNDER-17 WOMENS WRESTLING

വിയറ്റ്നാമിൽ നടന്ന അണ്ടർ 17 ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതകൾ ജേതാക്കളായി. വിവിധ വിഭാഗങ്ങളിൽ ഇന്ത്യയുടെ വനിതാ ടീം ആധിപത്യം പുലർത്തി. 5 സ്വർണം, 3 വെള്ളി, 2 വെങ്കലം നേടി 215 പോയിൻറുമായാണ് ഇന്ത്യ കിരീടം നേടിയത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## THAROOR-LAVROV

കോൺഗ്രസ് എം പി, ശശി തരൂർ റഷ്യൻ വിദേശകാര്യ മന്ത്രി സർജി ലാവ്റോയുമായി മോസ്കോവിൽ കൂടിക്കാഴ്ച നടത്തി. വിദേശകാര്യ പാർലമെൻററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ അധ്യക്ഷനായ അദ്ദേഹം യു.എന്നിലെ മുൻ റഷ്യൻ അംബാസിഡർ ആൻഡ്രെ ഡെനിസേവിനേയും സന്ദർശിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## MOCK DRILL - AMARNATH YATRA

അമർനാഥ് യാത്രയ്ക്ക് മുന്നോടിയായി ബൽതൽ ബേസ് ക്യാമ്പിൽ ഇന്നലെ മോക് ഡ്രിൽ നടത്തി. ജമ്മു കശ്മീർ പോലീസ്, ദേശീയ ദുരന്ത നിവാരണ സേന, സംസ്ഥാന ദുരന്ത നിവാരണ സേന, സി ആർ പി എഫ്, തുടങ്ങിയവ സംയുക്തമായിയാണ് മോക്ഡ്രിൽ സംഘടിപ്പിച്ചത്. അടുത്തമാസം 3 ന് ആരംഭിക്കുന്ന അമർനാഥ് യാത്ര ഓഗസ്റ്റ് 9 ന് രക്ഷാബന്ധൻ ദിവസം സമാപിക്കും.